DEPRESSED CLASS LADY STUDENTS—CONCESSIONS TO—PARTICULARS REGARDING

604. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

എറണാകുളത്തു് എസ്സ്. എൻ. വി. സദനത്തിൽ താമസിക്കുന്ന അധഃകൃതവിദ്യാർത്ഥിനികൾക്ക എന്തെല്ലാം ആനുകൂല്യങ്ങളാണ് ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും നൽകിവരുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: എല്ലാ കുട്ടികൾക്കും ക്ഷേണം മുതലായ ചിലവുകൾക്ക പ്രതിമാസം ഫ ൈക. വീതവും, പുസ്തകം, ഉടുപ്പ്, മുതലായവയ്ക്കു് കോളേജുക്ലാസ്സുകളിൽ ജൂനിയർ ഇൻറർ മീഡിയറ്റ് ക്ലാസ്സിലും ജൂനിയർ ബി. എ. ക്ലാസ്സിലും പഠിക്കുന്നവർക്ക പ്രതിവർഷം നാ ൈക. വുണ. വീതവും സീനിയർ ഇൻറർമീഡിയറ്റ് ക്ലാസ്സിലും സീനിയർ ബി. എ. ക്ലാസ്സിലും പഠിക്കുന്നവർക്ക പ്രതിവർഷം ഒ ൈക. വീതവും കൊടുത്തുവരുന്നുണ്ടു്. കൂടാതെ യൂണിവേർസിറ്റി പരീക്ഷാഫീസ്സും കൊടുക്കുന്നുണ്ടു്. ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർക്കു മറ്റുള്ള കുട്ടികളെപ്പോലെ മുണ്ടുകളും ആവശ്യമുള്ള പുസ്തകങ്ങളും സ്കൂൾവഴി കൊടുക്കുന്നുണ്ടു്.

SREEMULAM PULAYA COLONY AND NETTUR ULLATAN COLONY

605. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) തൃപ്പൂണിത്തുറ ശ്രീമൂലം പുലയകോളനിയിലും നെട്ടൂർ ഉള്ളാടകോളനിയിലും ഇപ്പോഴുള്ള വീടുകളുടെ എണ്ണമെത്ര;

(ബി) ഓരോ കോളനിയിലും ഇവയിൽ ആരംപാർപ്പുള്ളവ എത്ര;

(സി) ഓരോ വീടിൻറേയും കേടുപാടുകൾ തീർക്കുന്നതിനും കെട്ടിമേച്ചിലിനും മറ്റുമായി പ്രതിവർഷം ചെയ്തുവരുന്ന ശരാശരി ചിലവെത്ര?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ശ്രീമൂലം കോളനിയിൽ സർക്കാർ വീടുകൾ— ൨൦.
നെട്ടൂർ കോളനിയിൽ സർക്കാർ വീടുകൾ— ൪.
ടി കോളനിയിൽ കോളനിക്കാർ പണിയിച്ചിട്ടുള്ളതു്— ൭.

(ബി) എല്ലാറ്റിലും ആരം പാർപ്പുണ്ടു്.

(സി) സർക്കാർ വീടുകൾ മേയുന്നതിനു ശ്രീമൂലം പുലയകോളനിയിൽ ൨൨൯-ൽ ഒന്നുക. ൨ ൪ണ.യ്ക്കും, ൨൨൨ ൦-ൽ ൨൨ ൈക.യ്ക്കും, നെട്ടൂർ കോളനിയിൽ ൨൨൯-ൽ നാ ൈക. വു ണ.യ്ക്കും, ൨൨൨ ൦-ൽ ൫൦ കു.യ്ക്കും മേച്ചിൽസാധനങ്ങൾ സർക്കാരിൽനിന്നും കൊടുത്തിട്ടുണ്ടു്.

SEATS RESERVED FOR DEPRESSED CLASSES IN CERTAIN PANCHAYATS

606. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ചില പഞ്ചായത്തുകളിൽ അധഃകൃതർക്കു സീറ്റുകൾ റിസർവ്വു് ചെയ്തിട്ടുള്ളതു് ജനസംഖ്യാനുപാതികമായിട്ടാണോ;

(ബി) അല്ലെങ്കിൽ 'വെയിറേജു്' അടിസ്ഥാനപ്പെടുത്തിയാണോ റിസർവ്വേഷൻ കൊടുത്തിട്ടുള്ളതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) & (ബി) സീറ്റുകൾ റിസർവ്വു് ചെയ്യുന്നതിനെപ്പറ്റി അവസാനതീരുമാനം ഉണ്ടായിട്ടില്ല.

KALLETTUMKARA RURAL DISPENSARY

607. മിസ്റ്റർ പി. കെ. പോൾ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) കല്ലേറുങ്കരയിലുള്ള ഗ്രാമീണഡിസ്പെൻസറിയിൽ ഡാക്ടർ ഇല്ലാതായിട്ടു കാലം എത്രയായിയെന്നും പറയുവാൻ ഗവമ്മെണ്ടു് ദയവു വിചാരിക്കുമോ;

(ബി) അവിടെ ഒരു സൂതികർമ്മിണി നിയമിതയായിരുന്നുവോ; ഇപ്പോൾ ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly